(ഡി) കയർ സഹകരണസംഘങ്ങളുടെ വകയായി റാട്ടുവച്ച് കയർ പിരിപ്പിക്കുന്നുണ്ട്. 25 സംഘങ്ങൾ 82 റാട്ടുവച്ച് പിരിക്കുന്നുണ്ട്. സംഘം നേരിട്ട് പിരിക്കുന്നതിനേക്കാൾ മെമ്പറന്മാരെകൊണ്ട് പ്രിപ്പിച്ചുകൂട്ടുകയാണ് നല്ലതെന്ന അനുഭവത്തിൽ നിന്നുള്ളതും മെമ്പറന്മാർക്ക് തൊഴിൽ കൊടുക്കുന്നതുകൂടാതെ അവർക്ക് കൂടുതൽ ആദായവും തൃപ്തിയും വിശ്വാസവും തൻമൂലം ഉണ്ടാകുന്നതും ആകുന്നു.

(ഇ) ഡി-ക്കുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യത്തിന് പ്രസക്തിയില്ല.

പുതിയ തലസ്ഥാനം.

* 1111. [23] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി രൂപമെടുക്കുന്ന കേരളസംസ്ഥാനത്തിന്റെ തലസ്ഥാനം ചില പ്രത്യേകസ്ഥലങ്ങളിൽ വേണമെന്ന കാണിച്ച് ഗവണ്മെന്റിലേക്ക് വല്ല നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ ;

(ബി) പുതിയ സംസ്ഥാനത്തിന്റെ തലസ്ഥാനം കേരളപെരുമാക്കന്മാരുടെ മുൻ തലസ്ഥാനവും ചരിത്രപ്രസിദ്ധവുമായ "മുസരിസ്" എന്ന തുറമുഖം ഉൾപ്പെടുത്തിയിരുന്നതുമായ ഇന്നത്തെ കൊടുങ്ങല്ലൂരിൽ സ്ഥാപിക്കുന്നതിനു കേന്ദ്രത്തോട് നിവേദനം നടത്താൻ ബഹുമാനപ്പെട്ട ഗവണ്മെന്റ് മുതിരുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) തലസ്ഥാനക്കാര്യം ഗവണ്മെന്റ് ആലോചനാവിഷയമാക്കിയിട്ടില്ല.

തരിശുഭൂമി.

* 1112. [27] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘകാലം ഗവണ്മെന്റ് തരിശുഭൂമി കൈവശം വച്ചു സ്ഥിരദേഹണ്ഡങ്ങൾ ചെയ്തു കുടിപാർത്തുവരുന്ന കൃഷിക്കാർക്ക് അവരുടെ കൈവശമുള്ള ഭൂമി പതിച്ചു സ്ഥിരാവകാശം കൊടുക്കുന്നതിനു ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്രകാരമുള്ള ഭൂമി പതിച്ചുകൊടുക്കുന്നതാണെന്നു കാണിച്ച് 1934 ആഗസ്റ്റ് 14-ാംതീയതി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന നോട്ടിഫിക്കേഷൻ അനുസരിച്ച് അപേക്ഷകൊടുത്തിട്ടുള്ള പലർക്കും ഇന്നുവരെ ഭൂമി പതിച്ചുകിട്ടിയിട്ടില്ലെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പത്തനംതിട്ടതാലൂക്ക് റാന്നി പകുതിയിൽപ്പെട്ട വെങ്കുറിഞ്ഞിചേരിക്കൽ വശക്കാരായ കൃഷിക്കാർക്ക് പതിച്ചു കൊടുക്കാതിരിക്കാൻ കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly